(സി) എംപ്ലോയ്മെന്റ് സെല്ലിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ഒഴിവുകളുടെ റിപ്പോർട്ട് ലഭിക്കാറില്ല.

കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി

136(1962)ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്കിലെ ചെന്നിത്തല തൃപ്പരുന്തുറ പഞ്ചായത്തിലെ 4,5,6,7 പാടശേഖരങ്ങളിൽ വേനൽമഴയെത്തുടർന്ന് ഫെബ്രുവരി 12,13 തീയതികളിൽ മടവീഴ്ചയുണ്ടായി കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ട പരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) ചെന്നിത്തലയിലെ പാടശേഖരങ്ങളിൽ ഇപ്പോഴത്തെ നെൽകൃഷിക്ക് കുഴൽരോഗം മൂലമുണ്ടായിരിക്കുന്ന നാശനഷ്ടങ്ങൾക്ക് കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര താലൂക്കിലെ ചെന്നിത്തല പഞ്ചായത്തിലെ നാല് പാടശേഖരങ്ങളിൽ 12.2.2000, 13.2.2000 എന്നീ തീയതികളിൽ മടവീഴ്ചയുണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതുമൂലമുണ്ടായ വിളനഷ്ടത്തിന്റെയും മറ്റും കണക്കുകൾ തിട്ടപ്പെടുത്തിവരികയാണ്.

(ബി) ചെന്നിത്തലയിലെ പാടശേഖരങ്ങളിൽ കുഴൽരോഗമല്ല, മറിച്ച് ഗാളീച്ച എന്ന കീടത്തിന്റെ ആക്രമണമാണ് ഉണ്ടായിട്ടുള്ളത്. ഇത് ഗുരുതരമായ കീടബാധയല്ലാത്തതിനാൽ നഷ്ടപരിഹാരത്തിനർഹമായ നാശനഷ്ടമൊന്നും ഇപ്പോൾ ഉണ്ടായിട്ടില്ല.

കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ

137(1964) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിഭവനുകളിൽ കൃഷി അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ ഉണ്ട്; ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) തൃശ്ശൂർ ജില്ലയിൽ എത്ര ഒഴിവുകൾ ഉണ്ട്;

(സി) ചേർപ്പ് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെയും അന്തിക്കാട് അസിസ്റ്റന്റ് ഡയറക്ടറുടെയും കീഴിലുള്ള കൃഷി ഭവനുകളിൽ കൃഷി അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ വീതം ഉണ്ട്;

(ഡി) കൃഷി അസിസ്റ്റന്റുമാരുടെ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ;

(ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ;

(എഫ്) കൃഷി അസിസ്റ്റന്റുമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതു കാരണം പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly